**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1504** **08-12-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് കായിക പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിന് വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | നിലവിലുള്ള പാഠ്യപദ്ധതിയുടെ ഭാഗമായി ആരോഗ്യ കായിക വിദ്യാഭ്യാസം നിർബന്ധിത പഠന വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ കുട്ടികൾക്കും പ്രായോഗികമായ കായിക പരിശീലനം ലഭ്യമാക്കുവാനുള്ള സൗകര്യമുണ്ട്. അധ്യാപകർക്ക് വേണ്ടി ടീച്ചർ ടെക്സ്റ്റുകളും കുട്ടികൾക്ക് വേണ്ടി ആക്ടിവിറ്റി ബുക്കുകളും പാഠ്യപദ്ധതി പഠന സാമഗ്രികളുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. അതോടൊപ്പം കാര്യക്ഷമമായ മൂല്യനിർണയ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവയാണ് നടന്നുവരുന്നത്. |
| (ബി) | കളിസ്ഥലം ഇല്ലാത്തതും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നതുമായ സ്കൂളുകളിൽ കായിക പരിശീലനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സ്കൂൾ തലത്തിൽ കായിക പ്രതിഭകളെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തിനായി കായിക യുവജന ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്പ്രിന്റ്, പ്ലേ ഫോർ ഹെൽത്ത്, കിക്ക് ഓഫ്, സ്പ്ലാഷ്, ഹൂപ്സ് എന്നി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. |
| (സി) | ഇത്തരം സ്കൂളുകൾക്ക് പുതുതായി കളിസ്ഥലം നിർമ്മിക്കാൻ ആവശ്യമായ സ്ഥലം കണ്ടെത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ